**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കെട്ടിടത്തിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പുനരുദ്ധാരണത്തിനായി ഉൾപ്പെടുത്താൻ സാധിക്കാത്തതായുള്ളതെന്ന് അറിയിക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഒന്നര ലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി ഏത് ഘടകവും (പ്രവൃത്തികളും) ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ Floor tiling മാത്രമായിട്ടുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് അനുവദനീയമല്ല. |
| (ബി) | തകർന്ന മേൽക്കൂര പൂർണമായി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഘടകങ്ങൾ എസ്റ്റിമേറ്റുകളിൽ വിഭാവനം ചെയ്യാൻ സാധിക്കുമോ; | (ബി) | തകർന്ന മേൽക്കൂര പൂർണമായി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഘടകങ്ങൾ ഒന്നര ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രോജക്ടുകൾ പി.എം.സി.യെ ഏൽപ്പിക്കുമ്പോൾ പി.എം.സി. യുടെ മേൽനോട്ട ചുമതല ഏതൊക്കെ വകുപ്പുകൾക്കാണെന്ന് അറിയിക്കാമോ? | (സി) | പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രോജക്ടുകൾ പി.എം.സി-യെ ഏൽപ്പിക്കുമ്പോൾ പി.എം.സി-യുടെ മേൽനോട്ട ചുമതല പട്ടികജാതി വികസന വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ